"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്- സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ്- **2024-25** വർഷിക പദ്ധതികൾ- വയനാട് ജില്ലാ ഓഫീസിലെ കാലഹരണപ്പെട്ട **KL-01 R.8857** നമ്പർ ഒദ്യോഗിക വാഹനത്തിന് പകരമായി പുതിയ വാഹനം വാങ്ങുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആസൂത്രണ സാമ്പത്തികകാര്യ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.**115/2025/P&EA** തീയതി,തിരുവനന്തപുരം, **21-03-2025**

---

പരാമർശം:-
1. **GO(Rt)No.30/24/P&EA,** തീയതി **18/01/2024**
2. സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് ഡയറക്ടറുടെ **07.09.2024, 03.03.2025** തീയതികളിലെ **DES/1845/2022-AW** നം കത്തുകൾ
3. ചീഫ് സെക്രട്ടറിതല പ്ലാൻ പ്രയോറിട്ടൈസേഷൻ യോഗത്തിന്റെ **05.11.2024**-തീയതിയിലെ നടപടിക്കുറിപ്പുകൾ

**ഉത്തരവ്**

**2023-24** സാമ്പത്തിക വർഷത്തിൽ സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പിന് ഒരു പുതിയ വാഹനം വാങ്ങുന്നതിലേക്കായി **3454-02-203-97(P)** ശീർഷകത്തിൽ **10,00,000/-** രൂപ പരാമർശം(1) പ്രകാരം അനുവദിച്ച് ഉത്തരവായിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പിന്റെ വയനാട് ജില്ലാ ഓഫീസിൽ കാലഹരണപ്പെട്ട **KL-01 R.8857** നമ്പർ ഒദ്യോഗിക വാഹനത്തിന് പകരം **Mahindra Bolero B6** വാഹനം വാങ്ങുന്നതിന് **Mahindra & Mahindra** സ്ഥാപനത്തിന്റെ ക്രെഡിറ്റ് ബിൽ പ്രകാരം **9,91,629/-** രൂപ അനുവദിച്ച് സാമ്പത്തിക വകുപ്പ് ഡയറക്ടർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു എന്നും എന്നാൽ **WAMS** അംഗീകാരം ലഭിക്കാതിരുന്നതിനാൽ ടി ബില്ല് **2023-24** സാമ്പത്തിക വർഷത്തിൽ മാറുവാൻ സാധിച്ചിരുന്നില്ല എന്നും ടി സാഹചര്യത്തിൽ **2024-25** സാമ്പത്തിക വർഷം " **3454-02-203-97**-വാഹനം മാറ്റി വാങ്ങൽ / വാഹനം വാടകയ്ക്കെടുക്കൽ" എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള **10** ലക്ഷം രൂപ വിനിയോഗിച്ച് സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പിൽ പുതിയ വാഹനം വാങ്ങുന്നതിനുള്ള ഭരണാനുമതി ലഭ്യമാക്കണമെന്ന് പരാമർശം **(2)** പ്രകാരം സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

2. 05.11.2024-തീയതിയിൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന പ്ലാൻ പ്രയോറിട്ടൈസേഷൻ കമ്മിറ്റി യോഗ തീരുമാന പ്രകാരം സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പിന്റെ "വാഹനം മാറ്റി വാങ്ങൽ" എന്ന പദ്ധതിയ്ക്ക്, 3454-02-2023-97 എന്ന ശീർഷകത്തിൽ 10 ലക്ഷം രൂപ വകയിരുത്തിയിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പിന്റെ വയനാട് ജില്ലാ ഓഫീസിലെ കാലഹരണപ്പെട്ട KL-01 R.8857 നമ്പർ ഒദ്യോഗിക വാഹനത്തിന് പകരമായി, നടപ്പ് സാമ്പത്തിക വർഷം 3454-02-203-97-PV എന്ന ശീർഷകത്തിൽ പ്ലാൻ പ്രയോറിറ്റിസേഷന് ശേഷം വകയിരുത്തിയിട്ടുള്ള **10,00,000/- രൂപ (പത്ത് ലക്ഷം രൂപ മാത്രം)** ഉപയോഗിച്ച് ഒരു പുതിയ വാഹനം വാങ്ങുന്നതിന് ഭരണാനുമതി നൽകി ഉത്തരവാകുന്നു. ഇതുമായി ബന്ധപ്പെട്ട് നിലവിലുള്ള എല്ലാ നടപടിക്രമങ്ങളും ബന്ധപ്പെട്ട ചട്ടങ്ങളും ഉത്തരവുകളും കർശനമായി പാലിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
മനോജ് കെ എസ്
അണ്ടർ സെക്രട്ടറി

1. ഡയറക്ടർ, സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പ്, തിരുവനന്തപുരം.
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് /എ&ഇ), കേരളം, തിരുവനന്തപുരം.
3. ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം.
4. ധനകാര്യ വകുപ്പ് (EXP-B3/280/2023-FIN)
5. ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & മീഡിയ) വകുപ്പ്
6. ആസൂത്രണ സാമ്പത്തികകാര്യ (എ) വകുപ്പ്
7. സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി (PLGEA-B1/173/2024-PLGEA)

ഉത്തരവിൻ പ്രകാരം

Signed by
Anu Surendran
സെക്ഷൻ ഓഫീസർ
Date: 22-03-2025 10:58:06